**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.4529** | **29.06.2012 ൽ മറുപടിയ്ക്ക്**

# പി.എം.ജി.എസ്.വൈ പദ്ധതിയിൻകീഴിൽ സംസ്ഥാനത്തെ റോഡുകളുടെ വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഷാഫി പറമ്പിൽ<br>„ വി. റ്റി. ബൽറാം<br>„ എ. റ്റി. ജോർജ്<br>„ വർക്കല കഹാർ | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| എ) പി. എം. ജി. എസ്. വൈ യുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് പറയാമോ; | എ) ദാരിദ്ര്യ നിർമ്മാർജ്ജനത്തിന്റെ ഭാഗമായി ഗ്രാമീണ മേഖലയിലെ റോഡ് ബന്ധമില്ലാതെ കിടക്കുന്ന ആവാസകേന്ദ്രങ്ങളെ പ്രധാനറോഡുമായോ ആവാസ കേന്ദ്രങ്ങളുമായോ, വ്യാപാരകേന്ദ്രങ്ങളുമായോ എല്ലാ കാലാവസ്ഥയിലും അനുയോജ്യമായ റോഡു മുഖാന്തിരം ബന്ധിപ്പിക്കുന്നതിന് ലക്ഷ്യമിടുന്ന പദ്ധതിയാണ് പ്രാധാനമന്ത്രി ഗ്രാമ സഡക് യോജന. |
| ബി) പ്രസ്തുത പദ്ധതിയിൻ കീഴിൽ സംസ്ഥാനത്തെ റോഡുകൾ വികസിപ്പിക്കുവാൻ കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; | ബി) പി.എം.ജി.എസ്.വൈ പദ്ധതിയിൻ കീഴിൽ സംസ്ഥാനത്തെ റോഡുകൾ വികസിപ്പിക്കുവാൻ കേന്ദാനുമതി ലഭിച്ചിട്ടുണ്ട്. |
| സി) പ്രസ്തുത റോഡുകളുടെ പട്ടിക തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; | സി) പുതുതായി ഏറ്റെടുക്കേണ്ട റോഡുകളുടെ പട്ടിക തയ്യാറാക്കി കേന്ദ്രസർക്കാരിൽ സമർപ്പിച്ചിട്ടില്ല. പുതുതായി ഏറ്റെടുക്കേണ്ട റോഡുകളുടെ പട്ടിക ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള സ്റ്റേറ്റ് ലെവൽ സ്റ്റാന്റിംഗ് കമ്മിറ്റി (എസ്.എൽ.എസ്.സി) യുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| ഡി) എങ്കിൽ പ്രസ്തുത റോഡുകളുടെ നിർമ്മാണം ഈ സാമ്പത്തിക വർഷംതന്നെ തുടങ്ങാൻ നടപടി എടുക്കുമോയെന്ന് വിശദമാക്കുമോ? | ഡി) എസ്.എൽ.എസ്.സി യുടെ അംഗീകാരത്തിന് ശേഷം വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സ്റ്റേറ്റ് ടെക്നിക്കൽ ഏജൻസിയുടെ അംഗീകാരത്തോടെ മാത്രമേ എൻ.ആർ.ആർ.ഡി.എയ്ക്ക് സമർപ്പിക്കാൻ സാധിക്കുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**